"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശബരി ഹയർ സെക്കന്ററി സ്കൂളിലെ ഫുൾ ടൈം മീനിയലായ ശ്രീ.അഖിൽ കൃഷ്ണ എ.യുടെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3748/2026/GEDN തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:- 1. ശ്രീ.അഖിൽ കൃഷ്ണ എ.യുടെ 11.02.2025 തീയതിയിലെ റിവിഷൻ ഹർജി

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.05.2025, 25.04.2026 തീയതികളിലെ ഇഎം1/348/2025/ഡിജിഇ നമ്പർ റിപ്പോർട്ടുകൾ

**ഉത്തരവ്**

ശബരി ഹയർ സെക്കന്ററി സ്കൂളിലെ ഫുൾ ടൈം മീനിയലായ ശ്രീ.അഖിൽ കൃഷ്ണ എ.യുടെ നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയത്തിൽ 19.06.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. മാനേജരുടെ വാദഗതികൾ ഇപ്രകാരമാണ്
ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറുപ്പിലെ FTM ശ്രീ.വിഷ്ണു എം.ആർ 13.09.2022-ന് രാജിവെച്ചത് വഴി സംജാതമായ FTM തസ്തികയിലാണ് ശ്രീ. അഖിൽ കൃഷ്ണ എ. യെ FTM ആയി 01.01.2024 മുതൽക്ക് നിയമിച്ചിട്ടുള്ളത്. 01.01.2024 തീയതിയിൽ നിയമിതനായ ശ്രീ.അഖിൽകൃഷ്ണ എ. FTM തസ്തികയിൽ 01.01.2024 തീയതിയിൽ തന്നെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. എന്നാൽ ടിയാന്റെ നിയമന ഉത്തരവും അനുബന്ധ രേഖകളും 'സമന്വയ' മുഖേന സമർപ്പിക്കുന്നതിൽ 6 മാസം 21 ദിവസത്തെ കാലതാമസം സംഭവിക്കുകയുണ്ടായി. 'Coronary Artery' അസുഖം കാരണം ചികിത്സയിലും ആശുപത്രി വാസത്തിലും ആയതിനാലായിരുന്നു നിയമന ഉത്തരവ് യഥാസമയം സമന്വയ മുഖേന സമർപ്പിക്കുന്നതിന് സാധിക്കാതെ വന്നിട്ടുള്ളത്. നിയമന ഉത്തരവ് 'സമന്വയ' മുഖേന സമർപ്പിക്കുന്നത് സംബന്ധിച്ച് KER Chapter XIVA Rule 8 (1) ൽ താഴെ പറയും പ്രകാരമാണ് വിവക്ഷിച്ചിട്ടുള്ളത്.

The appointment order signed by the Manager and the teacher along with other documents, as required by the Director, from time to time, shall be submitted by the Manager to the educational officer for approval through "SAMANWAYA", the web portal provided by the Department of General Education for the purpose of approval of appointment and fixation of the staff strength in the schools, within fifteen days from the date of joining duty of the appointee in the manner prescribed by the Director.

നിയമന ഉത്തരവ് സമർപ്പിക്കുന്നതിലെ 6 മാസം വരെയുള്ള കാലതാമസം മാപ്പാക്കുന്നതിന്

വിദ്യാഭ്യാസ ഉപഡയറക്ടറേയും 6 മാസത്തിന് മുകളിലുള്ള കാലതാമസം മാപ്പാക്കുന്നതിന് ഡയറക്ടറേയും ചുമതലപ്പെടുത്തിക്കൊണ്ട് KER Chapter XIVA Rule 8(1) Proviso യിൽ താഴെ പറയുംപ്രകാരം ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതാണ്.

Provided that where the Manager fails to forward the appointment order within the time specified above, he may apply to the Deputy Director (Education) in the case of delay upto six months or to the Director in other cases, for condonation of such delay and thereupon the Deputy Director (Education) or the Director as the case may be for reasons to be recorded in writing condone the delay.

ഇത്തരത്തിൽ 6 മാസം 21 ദിവസ കാലതാമസം മാപ്പാക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി ചട്ട വ്യവസ്ഥ ചെയ്തിട്ടുള്ളത് പാലിക്കാതെ ആയത് നിരസിച്ച ഡയറക്ടറുടെ നടപടി ചട്ട ലംഘനമാണ്. മേൽ സാഹചര്യത്തിൽ ശ്രീ. അഖിൽകൃഷ്ണ എ.യുടെ FTM നിയമന പ്രൊപ്പോസൽ സമന്വയ മുഖേന സമർപ്പിക്കുന്നതിൽ വന്ന 6 മാസം 21 ദിവസ കാലതാമസം മാപ്പാക്കുന്നതിനും ടിയാന്റെ FTM നിയമനം 01.01.2024 മുതൽക്ക് അംഗീകരിക്കുന്നതിനും ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

4. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എഫ്.ടി.എം. ആയ ശ്രീ. വിഷ്ണു എം.ആർ. 13/09/2022-ന് രാജിവച്ച ഒഴിവിൽ 01/01/2024 മുതൽ ശ്രീ. അഖിൽ കൃഷ്ണ എ.യെ എഫ്.ടി.എം. ആയി നിയമിച്ചു. ശ്രീ. വിഷ്ണു എം.ആർ.ന്റെ 13/09/2022 തീയതിയിലെ രാജി അംഗീകരിച്ച ഉത്തരവ് പ്രപ്പോസലിനൊപ്പം സമർപ്പിച്ചിട്ടില്ല. എഫ്.ടി.എം ആയി 01/01/2024 മുതൽ നിയമിക്കപ്പെട്ട ശ്രീ.അഖിൽ കൃഷ്ണ എ.-യുടെ നിയമനപ്രൊപ്പോസൽ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളത് 05/08/2024-ന് ആണെന്നും ആയതിന് 6 മാസവും 21 ദിവസവും കാലതാമസം നേരിട്ടിരിക്കുന്നുവെന്നും ആയതിനാൽ കാലതാമസം മാപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുള്ള ടിയാന്റെ അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശിപാർശ സഹിതം ലഭ്യമായിരുന്നു. ഈ അപേക്ഷ പരിശോധിച്ചപ്പോൾ മാനേജർ വൈദ്യചികിത്സയ്ക്കായി OUT OF STATION ആയിരുന്നതിനാലാണ് നിയമനപ്രൊപ്പോസൽ സമർപ്പിക്കാൻ കാലതാമസം നേരിട്ടതെന്ന് സൂചിപ്പിച്ചിരുന്നു. നിയമനാംഗീകാര അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള മാനേജരുടെ വിശദീകരണവും മെഡിക്കൽ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിരുന്നു. ഈ മെഡിക്കൽ സർട്ടിഫിക്കറ്റിൽ Coronary Artery Disease 8 മാസം ആയുർവേദ ചികിത്സയിൽ ആയിരുന്നു എന്നാണ് രേഖപ്പെടുത്തിയിരുന്നത്. മാനേജരുടെ വിശദീകരണകുറിപ്പും മെഡിക്കൽ സർട്ടിഫിക്കറ്റിലെ കാരണവും ഉൾപ്പെടെ കാലതാമസത്തിനുള്ള മാനേജരുടെ വിശദീകരണം നീതികരിക്കുവാൻ കഴിയുന്നതല്ല എന്നതിനാൽ ആണ് ടി അപേക്ഷ കാര്യാലയത്തിൽ നിന്നും നിരസിച്ച് ഉത്തരവായത്. ഇതിനെതിരെയാണ് മാനേജർ നിലവിൽ സർക്കാരിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. സ്കൂളിൽ മാനേജർ നിയമനം നടത്തിയാൽ 15 ദിവസത്തിനകം നിയമനാംഗീകാര അപേക്ഷ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതുണ്ട് എന്നിരിക്കെ തക്കതായ കാരണം ഇല്ലാതെ 6 മാസവും 21 ദിവസവും കാലതാമസം വരുത്തിയ മാനേജരുടെ നടപടി നീതികരിക്കുവാൻ കഴിയാത്തതാണ്. ആയതിനാൽ ടി റിവിഷൻ അപ്പീലിലെ ആവശ്യം

നിരസിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.അഖിൽ കൃഷ്ണയുടെ 1/1/2024 മുതലുള്ള നിയമന പ്രൊപ്പോസൽ തുടർ നടപടികൾക്കായി പരിഗണിക്കേണ്ടതില്ല എന്നും, 01.06.2024 മുതൽ ശ്രീ.ഗിരീഷ് എം.വി.യുടെ ഓഫീസ് അറ്റൻഡന്റ് ആയുള്ള സ്ഥാനക്കയറ്റ ഒഴിവിൽ ശ്രീ.അഖിൽ കൃഷ്ണയെ നിയമിച്ച പുതിയ പ്രൊപോസൽ സമർപ്പിക്കുന്നതാണെന്നും മാനേജർ അറിയിച്ചിട്ടുണ്ട്. ടി സ്കൂളിലെ സീനിയർ നിയമനാർത്ഥികളുടെ നിയമനം സർക്കാർ ഉത്തരവ് (സാധാ) No.6110/2025/GEDN തീയതി 01/09/2025 ന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്വീകരിച്ചുവരുന്നുണ്ട്. സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കുന്ന മുറക്ക് ശ്രീ. അഖിൽ കൃഷ്ണയുടെ നിയമനം അംഗീകരിക്കുന്നതാണ് എന്നും മാനേജർ സമർപ്പിച്ച ലാവണക്രമീകരണപ്രകാരം നിയമനാർത്ഥിക്ക നിലനില്ക്കുന്നതിനുള്ള തസ്തികയും ലഭ്യമാണ് എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് മാനേജർ സമർപ്പിച്ച വിശദമായ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നിലവിൽ മാനേജർ, ശ്രീ.അഖിൽ കൃഷ്ണ എ.-യുടെ 01/01/2024 മുതലുള്ള നിയമന പ്രൊപ്പോസൽ തുടർ നടപടികൾക്കായി പരിഗണിക്കേണ്ടതില്ലെന്നും, 01/06/2024 മുതൽ ഉണ്ടായ സ്ഥാനക്കയറ്റ ഒഴിവിൽ പുതിയ നിയമന പ്രൊപ്പോസൽ സമർപ്പിക്കാമെന്നും അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ, 01/01/2024 മുതൽ നിയമനാംഗീകാരം നൽകുന്നതിനായുള്ള റിവിഷൻ ഹർജിയിലെ ആവശ്യം നിലനിൽക്കുന്നതല്ല.

6. ടി സാഹചര്യത്തിൽ, 01/06/2024 മുതൽ ഉണ്ടായ ഒഴിവിൽ മാനേജർ സമർപ്പിക്കുന്ന പുതിയ നിയമന പ്രൊപ്പോസൽ, നിലവിലുള്ള ചട്ടങ്ങളും ലാവണക്രമീകരണ വ്യവസ്ഥകളും സീനിയർ നിയമനാർത്ഥികളുടെ അവകാശവാദങ്ങളും പരിഗണിച്ച് നിയമാനുസൃതമായി തീർപ്പാക്കണമെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം ശ്രീ.അഖിൽ കൃഷ്ണ എ. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീ.അഖിൽ കൃഷ്ണ എ., ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Resmi Babu
Date: 04-06-2026 14:34:00

സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.